**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299** | **04-08-2021 - ൽ മറുപടിയ്ക്ക്**

**പ്രൈസ് മോണിറ്ററിംഗ് സെല്ലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ടോ; | (എ) | ഉണ്ട്. വിലവർദ്ധനവിന്റെ അടിസ്ഥാനകാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലേയും, സർക്കാർ ഏജൻസികളിലേയും ടെക്നിക്കൽ സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്റിംഗ് സെൽ 15.05.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പ്രൈസ് മോണിറ്റിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വിലക്കയറ്റത്തിന്റെ യാഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാവശ്യമായ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) | ഉണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും, അവിടെ നിന്ന് ടി വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ കാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽ നിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | ഉത്സവ കാലങ്ങളിൽ പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക വിപണന മേളകളും ചന്തകളും സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ? | (സി) | ഉണ്ട്. ഈ ഓണക്കാലത്ത് സപ്ലൈകോ മുഖേന ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു. ജില്ലാതല ഓണച്ചന്തകൾ ഓഗസ്റ്റ് 11 നു ആരംഭിച്ച് ഓഗസ്റ്റ് 20 ന് സമാപിക്കും (ആകെ 10 ദിവസങ്ങൾ). താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണച്ചന്തകൾ എന്നിവ പ്രമുഖ സപ്ലൈകോ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ഓഗസ്റ്റ് 16 ന് |

| | | | |
|---|---|---|---|
| | | | ആരംഭിച്ച് ഓഗസ്റ്റ് 20 ന് സമാപിക്കും (5 ദിവസങ്ങൾ). ഈ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 1484 ഫെയറുകൾ പ്രവർത്തിപ്പിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി-സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ